# KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION

*(Registered under Travancore-Cochin Literary Scientific & Charitable Societies' Registration Act XII of 1955 Reg.S.No.Tr.12 of 1960, 03-05-1960)*

E mail : kpcma1960@gmail.com

**PRESIDENT**
Dr.M.E.Kuriakose
Secretary,
M.O.C Colleges,
Catholicate Aramana,
Devalokam (Po),
Kottayam-686 004
Mob.9447101513

**GENERAL SECRETARY**
Dr.M.Usman
V/427 Camp Office,
Schoolparamba,
Pazhamallure (Po)
Malappuram Dt.676 506
Mob.9447255581

**TREASURER**
Rev. Sr.Dr.Vinitha CSST
Director,
St.Teresas' College,
Park Avenue, Marine Drive ,
Ernakulam- 682 011
Mob.9961441698



**VICE PRESIDENTS**
1.Sri.G.Somarajan
Administrative Officer, S.N.Trust,
Kollam-1
Cell: 9846328700
2.Dr.P.A. Fazal Gafoor
President,
M.E.S, Calicut-1
Cell: 9847233800
3.Sri.P.A.Hilal Babu
Secretary & Manager
M.S.M College,Kayamkulam
Cell: 9846002725
4.Sri.C.P.Kunhimohammed
Manager,
Farook College (Autonomous)
Farook College (Po), Calicut.673632
Cell: 9895099990

**JOINT SECRETARIES**
1.Manager
Mar Ivanious College
Thiruvananthapuram- 15
2.Fr.James John Mangalath
Principal,
St.Thomas College,Palai- 686575
Cell: 9447140857
3.Sri.O.Abdul Ali
Manager,
KAHM Unity Womens' College
Narukara (Po), Manjeri-676122
Cell: 9895478080

**CHIEF ADVISOR**
Prof.R.Prasannakumar
(Former President KPCMA . Former Secretary,
N.S.S.Central Committee of Colleges),
MRA No.21, Mythri Nagar,
Perunna East, Changanasery-686102
Cell: 9847053940


KPCMA/CM-1/2020 03-04-2020

To

Shri.Pinarayi Vijayan
Hon.ble Chief Minister of Kerala

Sub: സംസ്ഥാനത്തെ എയ്ഡഡ് കോളെജുകളിലെ അദ്ധ്യാപകരുടെ ജോലി ഭാരം നിർണയിക്കുന്നതുമായി ബന്ധപ്പെട്ട് ഏപ്രിൽ 1-ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കുന്നതിനുള്ള അപേക്ഷ

Ref: Ref: G.O (Ms)No.155/2020/HEDN dated 01-04-2020

സർ,

മേൽ വിഷയം സംബന്ധിച്ച് സൂചനപ്രകാരമുള്ള ഉത്തരവ് സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് ഏപ്രിൽ 1-ന് പുറപ്പെടുവിച്ചിരിക്കുകയാണല്ലോ. ഇത് സംബന്ധിച്ച് താഴെ പറയുന്ന വസ്തുതകൾ അങ്ങയുടെ അടിയന്തിര ശ്രദ്ധയിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു:

1. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ

പ്രത്യാഘാതങ്ങളുണ്ടാക്കുന്ന രീതിയിൽ വൻതോതിൽ അദ്ധ്യാപക തസ്തികകൾ ഈ ഉത്തരവ് മൂലം നഷ്ടപ്പെടും.പി. ജി. വെയ്റ്റേജ് എടുത്തു കളയുന്നത് മൂലം എണ്ണൂറോളം പി.ജി. കോഴ്സുകളിലായി എയ്ഡഡ് കോളെജുകളിൽ മാത്രം രണ്ടായിരത്തോളം അധ്യാപക തസ്തികകൾ നഷ്ടപ്പെടും.സർക്കാർ കോളെജുകളിലും സർവ്വകലാശാലാ പഠനവകുപ്പുകളിലും നഷ്ടപ്പെടുന്ന തസ്തികകൾ ഇതിന് പുറമെയാണ്. സിംഗിൾ ഫാക്കൾട്ടിയടക്കം എല്ലാ വിഷയങ്ങളിലും പുതിയ തസ്തികകൾ അനുവദിക്കാൻ 16 മണിക്കൂർ വർക്ക് ലോഡ് വേണമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത് വഴിയും അനേകം അധ്യാപക തസ്തികകൾ ഇല്ലാതാവും.ഇത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ, വിശിഷ്യാ ബിരുദാനന്തര പഠനത്തിന്റെ കുത്തനെയുള്ളനിലവാരത്തകർച്ചക്കിടയാക്കും.

2. ഹൈക്കോടതി ഉത്തരവനുസരിച്ച് 18 .09.2010 മുതൽ സംസ്ഥാനത്ത് യു.ജി.സി റഗുലേഷൻസ് നിലവിലിരിക്കെ ഇപ്പോൾ യു.ജി.സി റഗുലേഷന്റെ പേരിൽ ഇത്തരമൊരു ഉത്തരവിന് ന്യായീകരണമില്ല.സംസ്ഥാനത്തെ കോളെജുകളിൽ അധ്യാപക ജോലിഭാരം നിർണ്ണയിക്കുന്നതിന് കേരളാ ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റെ ശുപാർശയനുസരിച്ച് G.O (Ms) No.87/2012/H.Edn. dt 12. 03.2012 - ന് സർക്കാർ സമഗ്രമായ ഉത്തരവിറക്കിയതാണ്.ഇക്കാര്യം പൂർണ്ണമായി മറച്ച് വെച്ച് കൊണ്ടാണ് ഇപ്പോഴത്തെ ഉത്തരവിറക്കിയിരിക്കുന്നത്.

3. 2013-ൽ അനുവദിച്ച കോഴ്സുകൾക്ക് വർക്ക് ലോഡ് അദാലത്ത് നടത്തിക്കഴിഞ്ഞിട്ടും സ്ഥിരം അധ്യാപക തസ്തികകൾ അനുവദിക്കാൻ തയ്യാറാകാത്ത സർക്കാർ നിലവിലുള്ള തസ്തികകൾ പോലും ഇല്ലാതാക്കുന്ന തരത്തിൽ ഉത്തരവിറക്കിയത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

4. കോളെജുകളിലെ വർക്ക് ലോഡ് നിർണ്ണയം നടന്നു വരുന്നത് സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾ പ്രകാരമാണ്.ഇത് സർവ്വകലാശാലാ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും നിരവധി കോടതി വിധികളാൽ സാധൂകരിക്കപ്പെട്ടിട്ടുള്ളതുമാണ്.ഇതിന്റെയെല്ലാം നഗ്നമായ ലംഘനമാണ് ഇപ്പോഴത്തെ ഉത്തരവ് വഴി ഉണ്ടായിട്ടുള്ളത്.

KERALA PRIVATE COLLEGE MANAGEMENTS' AS... Regd. No. TR12/1960 03-06-1960

5. കോളെജുകളിലെ പി.ജി പഠനം യു.ജി പഠനത്തിൽ നിന്നും തീർത്തും വ്യത്യസ്ഥമാണ്. ഓരോ വിഷയങ്ങളിലുമുള്ള ആഴത്തിലുള്ള പഠനത്തോടൊപ്പം സ്പെഷ്യലൈസേഷൻ, ഗവേഷണാഭിമുഖ്യം വളർത്തൽ,നൂതനാശയങ്ങൾ കണ്ടെത്തൽ എന്നിവയും അവിടെ നടക്കുന്നു.ഇത്തരം കാര്യങ്ങൾ കൂടി പരിഗണിച്ചു കൊണ്ടാണ് പി.ജി കോഴ്സുകൾക്ക് വർക്ക് ലോഡ് കണക്കാക്കുമ്പോൾ ഒരു മണിക്കൂറിന് ഒന്നര മണിക്കൂർ എന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നത്. ഇത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ നിലനിർത്തുന്നതിനായുള്ള യു.ജി.സി മാനദണ്ഡങ്ങൾക്ക് അനുഗുണമാണ്. മാത്രമല്ല, പി.ജി.ഡിപ്പാർട്ടുമെന്റുകൾ പലതും ഗവേഷണ കേന്ദ്രങ്ങൾ കൂടിയാണ്. ഇവിടെയുള്ള അധ്യാപകരിൽ ഗവേഷണത്തിന് മേൽനോട്ടം വഹിക്കുന്നവർക്ക് ക്ലാസ് റൂം അധ്യാപനത്തിന് യാതൊരു ഇളവും നൽകിയിട്ടില്ലെന്നതും പരിഗണിക്കപ്പെടേണ്ടതാണ്.

6. വെറും ക്ലാസ് റൂം പഠനം മാത്രമല്ല കോളെജുകളിൽ നടന്നുവരുന്നത്. എല്ലാതരത്തിലുമുള്ള പാഠ്യേതര പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുന്നത് അദ്ധ്യാപകർ തന്നെയാണ്. വൻ തോതിലുള്ള തസ്തിക നഷ്ടം കോളെജുകളുടെ ദൈനംദിന നടത്തിപ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്.

7. കോളെജുകളിൽ പഠിപ്പിച്ചു വരുന്ന സിംഗിൾ ഫാക്കൽട്ടി വിഷയങ്ങൾ ഏറെയും വൈവിധ്യമുള്ളവയാണ്. ഇവ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന്നും തൊഴിലിനും ഏറെ അവസരങ്ങൾ നൽകുന്നവയാണ്.ഇത്തരം വിഷയങ്ങൾക്ക് 16 മണിക്കൂർ ഇല്ലാത്തതിന്റെ പേരിൽ സ്ഥിരം തസ്തികകൾ അനുവദിക്കാതിരിക്കുന്നത് മൂലം സർവ്വകലാശാലാ തലത്തിൽ തന്നെ ബോർഡ് ഓഫ് സ്റ്റഡീസ് പോലെയുള്ള അക്കാദമിക് സമിതികൾ രൂപീകരിക്കുന്ന കാര്യത്തിൽ പ്രതിസന്ധി ഉടലെടുക്കും.ഇത് കോളെജുകൾ ഇത്തരം കോഴ്സുകൾ ഉപേക്ഷിക്കുന്നതിനിടയാക്കുകയും വിദ്യാർത്ഥികളുടെ അവസരങ്ങൾ കുറക്കുകയും ചെയ്യും.

8. 09.05.2018-ലെ സർക്കാരുത്തരവനുസരിച്ച് നിയമാനുസൃതം ഇന്റർവ്യൂ നടത്തി നിയമിക്കപ്പെട്ടവരും പല കാരണങ്ങൾ കൊണ്ട് നിയമനാംഗീകാരം ലഭിക്കാത്തവരുമായ അധ്യാപകർ



KERALA PRIVATE COLLEGE MANAGEMENTS' A... Reg.No. TR12... 1980

പല കോളെജുകളിലുമുണ്ട്.റിട്ടയർമെന്റ് ഒഴിവുകളടക്കം നോട്ടിഫൈ ചെയ്ത് നിയമന നടപടികൾ പുരോഗമിക്കുന്ന കോളെജുകളുമുണ്ട്.ഇപ്പോഴത്തെ ഉത്തരവിന് 09.05.2018 മുതൽ മുൻകാല പ്രാബല്യം നൽകുന്നത് ഇതിനെയെല്ലാം പ്രതികൂലമായി ബാധിക്കുകയും അനാവശ്യമായ നിയമ നടപടികളിലേക്ക് മാനേജ്മെൻറുകളെ വലിച്ചിഴക്കുകയും ചെയ്യും.

09. രാജ്യത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മികച്ച പ്രതിഭകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പും യു.ജി.സിയും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഇപ്പോഴത്തെ സർക്കാർ ഉത്തരവ് മൂലം ഉണ്ടാകുന്ന വമ്പിച്ച തസ്തിക നഷ്ടം കേരളത്തിലെ സർവ്വകലാശാലകളിലും സർക്കാർ,എയ്ഡഡ് കോളെജുകളിലും നിയമനം കാത്തുകഴിയുന്ന ഉന്നത യോഗ്യതകളുള്ള ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളോടുള്ള തുറന്ന വെല്ലുവിളിയായി കണക്കാക്കേണ്ടിവരും.

10. അങ്ങയുടെ നേതൃത്വത്തിലുള്ള സർക്കാർ പൊതു വിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്താൻ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾ ഏറെ ഫലപ്രദവും അഭിനന്ദനാർഹവുമാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ നേട്ടം ആവർത്തിക്കാനായിട്ടുണ്ടോ എന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്.ഈ മേഖലയിൽ പതിറ്റാണ്ടുകളുടെ സേവന പാരമ്പര്യമുള്ള എയ്ഡഡ് കോളെജുകളുടെ ദൈനം ദിന പ്രവർത്തനത്തെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന ഉത്തരവ് മാനേജ്മെന്റുകളുമായി യാതൊരു തരത്തിലുള്ള ചർച്ചയും നടത്താതെ ഏകപക്ഷീയമായി പുറപ്പെടുവിച്ചത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്.ഇക്കാര്യത്തിൽ മാത്രമല്ല, എയ്ഡഡ് കോളെജുകളെ ബാധിക്കുന്ന പ്രശ്നങ്ങളായ 2013 -ലെ കോഴ്സുകളുടെ തസ്തിക നിർണയം, അനധ്യാപക സ്റ്റാഫ് പാറ്റേൺ, ആശ്രിതനിയമനം, പ്രിൻസിപ്പൽ നിയമനക്കാര്യത്തിലെ പ്രതിസന്ധി തുടങ്ങിയവ സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാനേജ്മെന്റുകളുമായി ഇത് വരെ ചർച്ചക്ക് തയ്യാറായിട്ടില്ലെന്ന് ഖേദപൂർവ്വം ചൂണ്ടിക്കാണിക്കുന്നു.

KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION ★ Reg.No. TR 12/1960 03-06-1960

മുകളിൽ പ്രസ്താവിച്ച വസ്തുതകൾ പരിഗണിച്ചു കൊണ്ട് സൂചനപ്രകാരമുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് അടിയന്തിര പ്രാബല്യത്തോടെ പിൻവലിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ.എം.ഇ.കുര്യാക്കോസ് (പ്രസിഡന്റ് - 9447101513)

ഡോ.എം.ഉസ്മാൻ (ജനറൽ സെക്രട്ടറി - 9447255581)

03/04/2020

**General Secretary**
Kerala Private College Managements' Association

Copy to:

1. Dr.K.T.Jaleel,Hon.ble Minister for Higher Education
2. Dr.Thomas Isaac,Hon.ble Minister for Finance
3. Dr.Usha Titus.I.A.S,Principal Secretary,Department of Higher Education